**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1062** **18-09-2025 - ൽ മറുപടിയ്ക്ക്**

**പാലപ്പിള്ളി, വെള്ളിക്കുളങ്ങര, ചിമ്മിനി, ചൊക്കന മേഖലകളിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ടതും ചാലക്കുടി, പീച്ചി വനം ഡിവിഷനുകൾക്കു കീഴിൽ വരുന്നതുമായ പാലപ്പിള്ളി, വെള്ളിക്കുളങ്ങര, ചിമ്മിനി, ചൊക്കന മേഖലകളിലെ കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ടതും ചാലക്കുടി ഡിവിഷന് കീഴിൽ വരുന്നതുമായ വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ വനാതിർത്തികളിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. മിഷൻ സോളാർ ഫെൻസിങ്ങിന്റെ ഭാഗമായി വന്യജീവി സാന്നിദ്ധ്യം സ്ഥിരമായി അനുഭവപ്പെടുന്ന പാലപ്പിള്ളി റെയിഞ്ചിൽ 6.1 കിലോമീറ്ററും വെള്ളിക്കുളങ്ങര റെയിഞ്ചിൽ 12 കിലോമീറ്ററും സോളാർ ഫെൻസിംഗ് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. ചിമ്മിനി റെയിഞ്ചിൽ 1.37 കിലോമീറ്റർ സോളാർ ഫെൻസിംഗും RKVY പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളിക്കുളങ്ങര റെയ്ഞ്ചിൽ 8.0 കിലോമീറ്റർ സോളാർ ഫെൻസിംഗും പൂർത്തീകരിച്ചിട്ടുള്ളതാണ്. ഹാങിങ് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികളിൽ നിർമ്മാണ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഡിവിഷൻ തലത്തിൽ Divisional Forest Emergency Operation Centre (DFEOC) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. വനാതിർത്തിയോട് ചേർന്ന് താമസിക്കുന്നവരെ ഉൾപ്പെടുത്തി ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി വാട്സ്ആപ്പ് ഗ്രൂപ്പിൽ മുന്നറിയിപ്പ് സന്ദേശങ്ങൾ കൈമാറുകയും, അടിയന്തര പ്രതിരോധ സംവിധാനങ്ങൾ സജ്ജമാക്കുകയും ചെയ്തു വരുന്നു.<br><br>വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് കർഷകരേയും കാർഷിക വിളകളേയും സംരക്ഷിക്കുന്നതിന് രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനും നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനും കൂടുതൽ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ചാലക്കുടി ഡിവിഷനു കീഴിലെ മൊബൈൽ പാർട്ടി ജീവനക്കാരെ നിയോഗിച്ച് Rapid Response Team മാതൃകയിൽ പ്രത്യേക ടീം പ്രവർത്തിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളും ചെക്ക് ഡാമുകളും നിർമ്മിച്ചിട്ടുണ്ട്. വിത്തൂട്ട്, ANR planting തുടങ്ങിയ പ്രവൃത്തികളിലൂടെ ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പാലപ്പിള്ളി റെയ്ഞ്ചിൽ ആർ.ആർ.ടി. ജനജാഗ്രത സമിതികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. വന്യജീവി സംഘർഷം രൂക്ഷമായ പഞ്ചായത്തുകളിൽ സ്വയം സന്നദ്ധ പ്രാഥമിക പ്രതികരണ സേനകളും (PRT) രൂപീകരിച്ചിട്ടുണ്ട്.<br><br>പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പീച്ചി വനം ഡിവിഷനിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ നടത്തിപ്പിനായി സംഘർഷബാധിത പഞ്ചായത്തുകളുടെ ലിസ്റ്റ് തയ്യാറാക്കി, വിവിധ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മിഷൻ ഫുഡ്, ഫോഡർ & വാട്ടർ പ്രോഗ്രാമിന്റെ ഭാഗമായി വനത്തിനുള്ളിൽ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് ചിമ്മിനി വന്യജീവി സങ്കേതത്തിൽ വിറകുതോട് ഭാഗത്തെ കുളവും തോട്ടപ്പുര ഭാഗത്തെ വണ്ണാത്തിക്കുളവും വൃത്തിയാക്കിയിട്ടുണ്ട്. ജനവാസ മേഖലയിലെ വന്യജീവികളുടെ സാന്നിദ്ധ്യം നിരീക്ഷിച്ച് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് കൊടുക്കുവാൻ വാട്സ്ആപ്പ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രൈമറി റെസ്പോൺസ് ടീം, ജനജാഗ്രതാ സമിതി എന്നിവയും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ നിരീക്ഷണ ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | റാപിഡ് റെസ്പോൺസ് ടീമിന്റെ (ആർ.ആർ.ടി.) സേവനം കാര്യക്ഷമമാക്കുന്നതിനും, ക്യാമറകൾ സ്ഥാപിക്കുന്നതിനും, സോളാർ ഫെൻസിംഗ്, മഴക്കുഴികൾ, ജണ്ടകെട്ടൽ, ട്രഞ്ച് കുഴിക്കൽ തുടങ്ങിയ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | പാലപ്പിള്ളി റെയ്ഞ്ചിൽ RRT നിലവിൽ വരന്തരപ്പിള്ളി സെക്ഷൻ ഓഫീസ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി RRT-യ്ക്ക് ആവശ്യമായ വാഹനം ലഭ്യമായിട്ടുണ്ട്. RRT പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ 256 ലക്ഷം രൂപയുടെ പ്രൊപ്പോസൽ നബാർഡ് ട്രാഞ്ചെ XXXI ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. പാലപ്പിള്ളി മേഖലയിൽ 3 ക്യാമറ ട്രാപ്പുകൾ പ്രവർത്തനക്ഷമമാണ്. ചാലക്കുടി ഡിവിഷനിൽ ജണ്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. വനത്തിനുള്ളിൽ വന്യജീവികൾക്ക് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് വനത്തിനകത്ത് കുളങ്ങളും ചെക്ക് ഡാമുകളും നിർമ്മിച്ചിട്ടുണ്ട്.<br><br>മിഷൻ സോളാർ ഫെൻസിങ്ങിന്റെ ഭാഗമായി വന്യജീവി സാന്നിദ്ധ്യം സ്ഥിരമായി അനുഭവപ്പെടുന്ന |

| | | | |
|---|---|---|---|
| | | | പാലപ്പിള്ളി (6.1 Km), വെള്ളിക്കുളങ്ങര (12 KM) റെയിഞ്ചുകളിൽ സോളാർ ഫെൻസിംഗ് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതും, RKVY പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളിക്കുളങ്ങര റെയ്ഞ്ചിൽ 8 KM സോളാർ ഫെൻസിംഗ് പൂർത്തീകരിച്ചിട്ടുള്ളതാണ്. കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികൾ ഇറങ്ങുന്നതും നിലവിൽ ഫെൻസിംഗ് ഇല്ലാത്തതുമായ പ്രദേശങ്ങളിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിന് RKVY പദ്ധതിയിൽ ഉൾപ്പെടുത്തി സോളാർ ഫെൻസിംഗ്, സോളാർ ഹാംഗിങ് ഫെൻസിംഗ് എന്നിവ സ്ഥാപിക്കുന്നതിന് വിവിധ അടങ്കലുകൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, തൃശ്ശൂരിന് നൽകിയിട്ടുള്ളതാണ്. ആയതിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>പീച്ചി ഡിവിഷന്റെ ചിമ്മിനി റെയിഞ്ചിൽ ആർ.ആർ.ടി രൂപീകരിച്ചിട്ടില്ല. അത്യാവശ്യ ഘട്ടങ്ങളിൽ തൊട്ടടുത്തുള്ള പാലപ്പിള്ളി ആർ.ആർ.ടി-യുടെ സേവനം ലഭ്യമാക്കി വരുന്നുണ്ട്. ചിമ്മിനി റെയിഞ്ചിൽ 1.37 കി.മീറ്റർ സോളാർ ഫെൻസിംഗ്, 140 ജണ്ടകൾ എന്നിവ നിർമ്മിച്ചിട്ടുള്ളതും ക്യാമറകൾ സ്ഥാപിക്കൽ, മഴക്കുഴികൾ നിർമ്മിക്കൽ, ട്രഞ്ച് കുഴിക്കൽ എന്നിങ്ങനെയുള്ള സുരക്ഷാ നടപടികൾ, ഫണ്ടിന്റെ ലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | എം.എൽ.എ.-എസ്.ഡി.എഫിൽ തുക അനുവദിച്ച് വിവിധ കേന്ദ്രങ്ങളിൽ ക്യാമറകൾ സ്ഥാപിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള നിർദേശത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (സി) | ചാലക്കുടി ഡിവിഷനിലെ പാലപ്പിള്ളി റെയ്ഞ്ചിലെ വന്യജീവി സാന്നിദ്ധ്യം സ്ഥിരമായി അനുഭവപ്പെടുന്ന മേഖകളിലെ വിവിധയിടങ്ങളിൽ 23 ക്യാമറകൾ സ്ഥാപിക്കുന്നതിന് വിശദമായ പ്രൊപ്പോസൽ അംഗീകാരത്തിനായി എം.എൽ.എ ഓഫീസിലും തൃശ്ശൂർ കളക്ടറേറ്റ് ഫിനാൻസ് വിങ്ങിലും 17.05.2025 തീയ്യതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| SL No | Name of Range | Name of Panchayath | Location | Type of fencing | Distance proposed ( km) |
|---|---|---|---|---|---|
| 1 | Vellikulangara | Mattathur | Karikkadavu to Karikkulam | Hanging solar fencing | 14 |
| 2 | Palappilly | Varantharappilly | Pannettupadam to Pathinte Palppura | Hanging solar fencing | 7 |
| 3 | Vellikulangara | Mattathur | Parunthumpara-Karikkulam | Five strand solar power fencing | 2 |
| 4 | Vellikulangara | Mattathur | Inchakkund P&CS to Kodaly road | Chainlink fencing | 2 |
| 5 | Vellikulangara | Kodassery | Mupli | Five strand solar power fencing | 2 |
| 6 | Palappilly | Varantharappilly | Karikkulam kadavu to Pulikkanni | Five lane solar power fencing | 3.5 |
| **Total** | | | | | **30.5** |